LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ പെൻഷനുകൾ

299 (T1677) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ നിലവിൽ ഏതെല്ലാമാണ്; പെൻഷൻ തുക എത്രയാണ്; ഓരോ പെൻഷനും അർഹതപ്പെട്ടവരുടെ എണ്ണം എത്രയാണ്;

(ബി) ക്ഷേമ പെൻഷനുകൾക്കെല്ലാം കൂടി അർഹതയുള്ളവരുടെ ആകെ എണ്ണം എത്ര;

(സി) ഓരോ ക്ഷേമ പെൻഷനും എന്ന മുതലാണ് കുടിശ്ശികയായിട്ടുള്ളത് ; കുടിശ്ശിക മുഴുവൻ നല്കുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും;

(ഡി) 2016-17 വർഷത്തിൽ ക്ഷേമ പെൻഷനുകൾ എല്ലാം നല്കുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും; പ്രസ്തുത പെൻഷനുകൾ ഉപഭോക്താവിന് നല്കുന്നത് ഏതെല്ലാം രീതികളിലാണ്?

ഉത്തരം

(എ) 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ

4. അൻപത് വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

5. കർഷക തൊഴിലാളി പെൻഷൻ, എന്നിവയാണ് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകുന്ന ക്ഷേമ പെൻഷനുകൾ.

പെൻഷൻ തുക

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

80 വയസ്സിന് മുകളിൽ - 1200 രൂപ

80 വയസ്സിന് താഴെ - 600 രൂപ

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ

80 വയസ്സിന് മുകളിൽ - 1100 രൂപ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

80 വയസ്സിന് താഴെ - 800 രൂപ

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 800 രൂപ

4. അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ-800 രൂപ

5. കർഷക തൊഴിലാളി പെൻഷൻ - 600 രൂപ.

ഗുണഭോക്താക്കളുടെ എണ്ണം

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 13.54 ലക്ഷം.

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 3.25 ലക്ഷം.

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 11.14 ലക്ഷം.

4. അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ-0.70 ലക്ഷം.

5. കർഷക തൊഴിലാളി പെൻഷൻ - 5.06 ലക്ഷം.

(ബി) 3371806.

(സി) വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമില്ല. പൊതുവായി 2014 സെപ്റ്റംബർ മുതൽ 2015 ജനുവരി മാസം വരെയുള്ള അഞ്ച് ഗഡുക്കളാണ് കുടിശ്ശികയുള്ളത്. കുടിശ്ശിക മുഴുവൻ നൽകുന്നതിന് 1397.70 കോടി രൂപ ആവശ്യമാണ്.

(ഡി) പ്രതിമാസം 2434278200 രൂപ. 2016-17 വർഷം നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് (3371806)

വേണ്ടിവരുന്നത് - 29211338400 രൂപ

ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് അക്കൗണ്ട്, ഇ-മണി ഓർഡർ എന്നീ മൂന്ന് വിതരണ രീതികളിലൂടെയാണ് പൊതുവായി പെൻഷൻ വിതരണം ചെയ്യുന്നത്. നിലവിൽ പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴി പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സെപ്റ്റംബർ 2015 മുതൽ ഡിസംബർ 2015 വരെയുള്ള പെൻഷൻ തുക പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ചെക്ക് മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly